LIBRARY ARCHIVES Kerala Legislative Assembly

ന്യായവില സംബന്ധിച്ച പരാതികൾ

111 (5302) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലുമുള്ള വസ്തുക്കളുടെ ന്യായവില നിശ്ചയിച്ച് കരട് രൂപം പ്രസിദ്ധീകരിച്ചതെന്നാണ് ; കരടിന്മേൽ എത്ര പരാതികൾ ലഭിച്ചു ; ഇതിൽ എത്രയെണ്ണം പരിഹരിച്ചു ;

(ബി) ന്യായവില സംബന്ധിച്ച അന്തിമ വിജ്ഞാപനം എന്നാണ് പുറപ്പെടുവിച്ചത് ;

(സി) ഇതിന്റെ പകർപ്പ് വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിയത് എന്നാണ് ;

(ഡി) ഇതിന്മേൽ അപ്പീൽ ഫയൽ ചെയ്യാനുള്ള കാലാവധി എന്ന് അവസാനിക്കും ;

(ഇ) നാളിതുവരെ ന്യായവില നിശ്ചയിച്ചതിന്മേൽ എത്ര അപ്പീൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട് ;

(എഫ്) അപ്പീൽ ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5-5-2008-ൽ കരട് പ്രസിദ്ധീകരിച്ചു. കരടിന്മേൽ 8234 പരാതികൾ ലഭിച്ചു. അതിൽ 5448 എണ്ണം തീർപ്പാക്കി.

(ബി) 6-3-2010-ൽ പ്രസിദ്ധീകരിച്ചു.

(സി) 2010 മാർച്ചിൽ തന്നെ ലഭ്യമാക്കി.

(ഡി) 6-6-2010 വരെയാണ് സമയം അനുവദിച്ചിരുന്നത്.

(ഇ) 4497 അപ്പീൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

ഭൂമി പോക്കുവരവ് നടപടികളിലെ കാലതാമസം

112 (5304) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമി പോക്കുവരവ് നടപടികളിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോക്കുവരവിന് നിലവിലുള്ള മാനദണ്ഡങ്ങളും നിബന്ധനകളും എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) പോക്കുവരവ് രേഖകൾ തയ്യാറാക്കാൻ റവന്യൂ ഉദ്യോഗസ്ഥർ സ്ഥലം അളന്ന് തിട്ടപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) പോക്കുവരവ് നടപടികൾ ലഘൂകരിക്കാനും അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂമി പോക്കുവരവ് നടപടികളിൽ ചില ജില്ലകളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭിക്കുന്ന ആധാര പകർപ്പ് 10 രൂപ ഫീസ് ഈടാക്കി വില്ലേജാഫീസിൽ രജിസ്റ്റർ ചെയ്തതിനുശേഷം അസ്സൽ ആധാരം , തണ്ടപ്പേർ രജിസ്റ്റർ എന്നിവ പരിശോധിച്ച് സർക്കാർ പുറമ്പോക്കിലോ മിച്ചഭൂമിയിലോ ഉൾപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തിയതിനുശേഷം പോക്കുവരവിന് വിധേയമാക്കാവുന്ന കേസുകളിൽ എ ഫോറം തയ്യാറാക്കി സബ് ഡിവിഷൻ ഇല്ലാത്ത കേസുകൾ വില്ലേജാഫീസറും, സബ്-ഡിവിഷൻ ആവശ്യമായ കേസ്സുകളിൽ തഹസീൽദാരും പോക്കുവരവ് അനുവദിക്കുകയും ചെയ്യുന്നു. തുടർന്ന് ഭൂമി എഴുതിക്കൊടുത്ത വ്യക്തിയുടെ തണ്ടപ്പേരിൽ നിന്നും കുറവ് വരുത്തി ഭൂമി ലഭിച്ച വ്യക്തിയുടെ പേരിലേക്ക് തണ്ടപ്പേർ പിടിച്ച് കരം ഈടാക്കി നൽകുകയും ചെയ്യുക എന്നതാണ് നടപടിക്രമം. 1966-ലെ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) 1966-ലെ പോക്കുവരവ് ചട്ടങ്ങൾപ്രകാരം സബ്-ഡിവിഷൻ ആവശ്യമായിവരുന്ന കേസ്സുകൾ അളന്ന് സ്കെച്ച് തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) 1966-ലെ പോക്കുവരവ് ചട്ടങ്ങൾ ഭേദഗതി ചെയ്താൽ മാത്രമേ നടപടികൾ ലഘൂകരിക്കാൻ സാധിക്കുകയുള്ളൂ.

നെൽവയൽ നീർത്തട സംരക്ഷണ നിയമം

113 (5305) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിയോ ;

(ബി) എങ്കിൽ എന്ന് മുതലാണ് നടപ്പിലാക്കിയത് ;

(സി) പ്രസ്തുത നിയമം അനുസരിച്ചുള്ള ഏതെല്ലാം ചട്ടങ്ങൾ നാളിതു വരെ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ഡി) പുറപ്പെടുവിച്ച ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇനി ഏതെല്ലാം ചട്ടങ്ങൾ പുറപ്പെടുവിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly